**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **14-01-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ പൂർത്തികരിക്കാനുള്ള ജലസേചന തടയണകൾ ഏതൊക്കെയാണ്; അവ പൂർത്തികരിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | മാനന്തവാടി മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ള ജലസേചന പദ്ധതിരളുടെ പേരുകൾ താഴെ കൊടുക്കുന്നു. 1. എടവക പഞ്ചായത്തിൽ അഗ്രഹാരത്ത് (പായോട് നോർത്ത്) മാനന്തവാടി പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം (പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്) 2. മാനന്തവാടി മുനിസിപ്പാലിറ്റിയിൽ കൊയിലുമുക്കടവിൽ പാലാക്കുളി തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം (പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്) 3. വെള്ളമുണ്ട പഞ്ചായത്തിൽ കരമാൻ തോടിനു കുറുകെ വാരാമ്പുഴ റെഗുലേറ്റർ (വിസിബി കം ബ്രിഡ്ജ്) നിർമ്മാണം (പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്) 4. മാനന്തവാടി മുനിസിപ്പാലിറ്റിയിൽ വിൻസെന്റ്ഗിരിയിൽ വിസിബി നിർമ്മാണം.ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്) |
| (ബി) | മാനന്തവാടി മണ്ഡലത്തിൽ തൊണ്ടാർ ജലസേചന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (ബി) | കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധിയും, 16/02/2018 ലെ ബഹു.സുപ്രീം കോടതിയുടെ വിധിയും പ്രകാരം, കബനി നദീതടത്തിൽ അനുവദിക്കപ്പെട്ട 21 TMCft ജലം ഉപയോഗപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ഏഴ് ജലസേചന പദ്ധതികളിൽ 0.30 TMCft ജലം സംഭരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണു തൊണ്ടാർ ജലസേചന പദ്ധതി. 1411 ഹെക്ടർ സ്ഥലത്ത് ജലസേചനം, കുടിവെള്ളം എന്നിവ ലഭ്യമാക്കുക എന്നതാണു പദ്ധതികൊണ്ട് പ്രാഥമികമായി ലക്ഷ്യമിടുന്നത്. മാനന്തവാടി മണ്ഡലത്തിലെ തൊണ്ടാർ ജലസേചന പദ്ധതിയുടെ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് (Prefeasibility Report) തയ്യാറാക്കുന്നതിനായുള്ള പ്രാരംഭ ഭൂതല സർവ്വേ (Topographical Survey) |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇതിൽ പ്രാരംഭ ഭൂഗർഭശാസ്ത്രപര്യവേഷണം (Geological Investigation) ഇതിനോടകം പൂർത്തിയായിട്ടുണ്ട്. |
| (സി) | എല്ലാവർക്കും കുടിവെള്ളം എന്ന ജലജീവൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) | മാനന്തവാടി നിയോജകമണ്ഡല പരിധിയിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ (ജലനിധി) മുഖാന്തിരം 3 ഗ്രാമ പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടമെന്ന നിലയിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്ന് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തികളുടെ നിർവ്വഹണത്തിന് വേണ്ടിയുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. മാനന്തവാടി നിയോജകമണ്ഡലത്തിൽ തിരുനെല്ലി, എടവക എന്നീ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതികളുടെ ആദ്യ ഘട്ടം കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നു. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 150 കണക്ഷനുകളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. ഇവയിൽ 120 കണക്ഷനുകൾ നൽകി കഴിഞ്ഞു (11/01/2021). എടവക ഗ്രാമപഞ്ചായത്തിൽ 475 കണക്ഷനുകളാണ് ആദ്യഘട്ടത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നത്, ഇവയിൽ 200 കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി എടവക ഗ്രാമ പഞ്ചായത്തിൽ 3825 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കുള്ള പ്രാരംഭ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ 6074 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്കായി സമഗ്രകുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊണ്ടർനാട്, വെള്ളമുണ്ട ഗ്രാമ പഞ്ചായത്തുകൾക്കുള്ള കുടിവെള്ളകണക്ഷൻ നൽകുന്നതിന് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ബാണാസുര പദ്ധതി ജലജീവൻ വിഷൻ പദ്ധതിക്കായി പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | NRDWP യിൽ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തുകൾക്കായി നടപ്പിലാക്കി വരുന്ന പുതിയ കുടിവെള്ള പദ്ധതിയിൽ നിന്നും ജലജീവൻ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ കണക്ഷൻ നൽകുന്നുണ്ട്. മേൽപദ്ധതിയുടെ സ്രോതസ്സ് ബാണാസുര സാഗർ ഡാം ആയതിനാൽ ബാണാസുര പദ്ധതി ജലജീവൻമിഷൻ പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതാണ്. ബാണാസുര ഡാമിന്റെ സമീപത്തുള്ള അഞ്ച് പഞ്ചായത്തുകളിലേക്ക് (തരിയോട്, പൊഴുതന, കോട്ടത്തറ, പടിഞ്ഞാറത്തറ ,വേങ്ങപ്പള്ളി) ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ബാണാസുര സാഗർ ജലസേചന പദ്ധതി നിർമ്മാണ ഘട്ടത്തിലാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ് |
| (ഇ) | മാനന്തവാടി മണ്ഡലത്തിലെ മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മിഷൻ ചെയ്യുന്നതിന് നടപടി വേഗത്തിലാക്കുമോയെന്ന് അറിയിക്കാമോ; | (ഇ) | മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | വയനാട്ടിലെ കാപ്പി കർഷകർക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് അറിയിക്കുമോ? | (എഫ്) | ജലവിഭവ വകുപ്പിനു കീഴിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാപ്പി കർഷകർക്കു കൂടി ഉപകാരപ്രദമാകുന്നുണ്ട്.ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിലെ കാവേരി ഡിവിഷന് കീഴിൽ കബനി സബ് ബേസിനിലെ എഴ് ഇടത്തരം ജലസേചന പദ്ധതികളുടെ പര്യവേക്ഷണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ജലസേചന പദ്ധതി പ്രാവർത്തികമാകുമ്പോൾ കാപ്പി കൃഷി ഉൾപ്പെടെ എല്ലാ കൃഷിക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ